(ബി) ഇതിൻപ്രകാരം തിരുവനന്തപുരം ജില്ലയിൽ ശാസ്തമംഗലം വില്ലേജിൽ സർവ്വേ നമ്പർ 597-ൽപ്പെട്ട .50 സെന്റ് സ്ഥലവും .597/3-ൽപ്പെട്ട 7 സെന്റ് സ്ഥലവും ഉൾപ്പെടെ 57 സെന്റ് സ്ഥലം പതിച്ച് നൽകിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ഭൂമിക്ക് പാട്ടകുടിശ്ശിക അടയ്ക്കുവാനുണ്ടോ ; ഉണ്ടെങ്കിൽ എത്ര കോടി ; എന്നുമുതലാണ് കുടിശ്ശിക ഉള്ളത് ; ആരാണ് കുടിശ്ശികക്കാരൻ വിവരിക്കുമോ ;

(ഡി) സൗജന്യമായി പ്രസ്തുത ഭൂമി പതിച്ച് കൊടുക്കുന്നതിന്റെ മാനദണ്ഡം എന്താണ് ;

(ഇ) ഇതിന്റെ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

പട്ടയ വിതരണം

141 (5225) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടയവിതരണത്തിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രപേർക്ക് പട്ടയം അനുവദിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ച് അറിയിക്കുമോ ;

(സി) ബാക്കി പട്ടയം അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ഭൂരഹിതർക്ക് നൽകിയ ഭൂമി

142 (5226) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തമായി ഭൂമിയില്ലാത്തവർക്ക് സ്ഥലം നൽകാൻ അനധികൃതമായി കൈവശം വച്ചിട്ടുള്ള ഭൂമി പിടിച്ചെടുക്കണം എന്ന് ബഹു. റവന്യൂ മന്ത്രി നിയമസഭയിലും പുറത്തും പ്രഖ്യാപിച്ചതിനുശേഷം ഓരോ വർഷവും എത്ര ഭൂമി പിടിച്ചെടുത്തു ; എത്ര പേർക്ക് പിടിച്ചെടുത്ത ഭൂമി വിതരണം ചെയ്തു എന്നു ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം ഭൂമി ലഭ്യമായ ഭൂരഹിതരിൽ എത്ര പേർക്ക് 2011 മുതൽ 2015 വരെയുള്ള കാലയളവിൽ ആധാരവും പട്ടയവും നല്കി ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്തുടനീളം തോട്, പുഴ, പാറ, കുളം, തീരപ്രദേശം, റോഡ് എന്നിവയുടെ പുറമ്പോക്കുകളിൽ വർഷങ്ങളായി താമസിച്ചു വരുന്നവർ എത്ര എന്നും, ഇവരിൽ പട്ടയം ആവശ്യപ്പെട്ടവർ എത്ര എന്നും മേൽപ്പറഞ്ഞ കാലയളവിൽ ഈ സർക്കാർ എത്ര പേർക്ക് പട്ടയം നൽകി എന്നും വർഷം തിരിച്ചും, പട്ടയം നൽകാത്തവരിൽ എത്ര പേർക്ക് മറ്റ് സർക്കാർഭൂമി നല്കി എന്നും ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ഡി) മിച്ച ഭൂമി ആണെന്നറിയാതെ വഞ്ചിക്കപ്പെട്ട കർഷകർ എത്രയെന്നും അവർക്ക് എത്ര ഭൂമിയുണ്ടെന്നും അവരിൽ എത്രപേർക്ക് ഈ സർക്കാർ പട്ടയം നല്കിയെന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

കുത്തകപാട്ട ഭൂമിക്ക് പട്ടയം

143 (5227) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ ഏലം കൃഷിക്കുവേണ്ടി എത്ര ഹെക്ടർ സ്ഥലമാണ് കുത്തകപ്പാട്ട വ്യവസ്ഥയിൽ അനുവദിച്ച് നൽകിയിട്ടുള്ളത് ;

(ബി) കുത്തകപ്പാട്ടം പുതുക്കി കൊടുക്കുന്നതിന് എന്തെങ്കിലും തടസ്സം നില്ക്കുന്നുണ്ടോ ;

(സി) കുത്തകപ്പാട്ട ഭൂമിയിൽ കൃഷി നടത്തുന്ന കർഷകരുടെ ഭൂമിക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) കുത്തകപ്പാട്ട ഭൂമിക്ക് പട്ടയം നൽകുന്ന പക്ഷം ഭൂമി ക്രയവിക്രയം ചെയ്യുമ്പോൾ സർക്കാരിന് മുദ്ര വിലയും രജിസ്ട്രേഷൻ ഫീസും ഇനങ്ങളിൽ നല്ല വരുമാനം ലഭിക്കുമെന്നതിനാൽ കുത്തകപ്പാട്ട ഭൂമിക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) 12478.7535 ഹെക്ടർ സ്ഥലം ഏലം കൃഷിക്കായി കുത്തകപ്പാട്ട വ്യവസ്ഥയിൽ അനുവദിച്ച് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly